ഉത്തരം

(എ) വാട്ടർ അതോറിറ്റി ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കിയ മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുക 6,95,51,843 രൂപയാണ്. (2015 വർഷത്തേക്ക്)

(ബി) ഇൻഷ്വറൻസ് പരിധിയിൽ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി എന്നതിന് രേഖയായി ഇൻഷ്വറൻസ് കാർഡ് എല്ലാ ജീവനക്കാർക്കും ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ കാർഡ് ലഭിക്കാത്ത ജീവനക്കാർക്ക് കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) മെഡിക്കൽ സ്പെഷ്യൽ സാംഗ്ഷനുള്ള അപേക്ഷകൾ സർക്കാരിൽ കെട്ടിക്കിടക്കുന്നില്ല.

ചടയമംഗലം മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനം

182(2651) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റി :

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജല അതോറിറ്റി നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* വരൾച്ച, ദുരിതാശ്വാസം, എം.എൽ.എ. എ.ഡി.എഫ്., 29 ആർ.ഡബ്ല്യു. എസ്.എസ്. എന്നിവയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ, പമ്പുസെറ്റ് സ്ഥാപിക്കൽ, മറ്റ് അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ കാലയളവിൽ 6,03,88,387 രൂപ ചെലവായിട്ടുണ്ട്. കൂടാതെ കളത്തുപ്പുഴയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 1492.64 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കളത്തുപ്പുഴ പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയാക്കിയ പദ്ധതിക്കായി 513.74 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഭൂജല വകപ്പ് :

ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഭൂജല വകപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

ജലസേചന വകപ്പ് :

2011 മേയ് മാസം മുതൽ 2015 നവംബർ വരെ ചടയമംഗലം മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ജലസേചന വകപ്പ് മുഖേന നടപ്പിലാക്കിയ പ്രവർത്തനങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

വാട്ടർ അതോറിറ്റിയിലെ അധികാര വികേന്ദ്രീകരണം

183(2652) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അധികാര വികേന്ദ്രീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 14-9-1999-ലെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ/എച്ച്.ഒ./ഡബ്ല്യു.എൻ/33/97 പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ചുള്ള നടപടികൾക്ക് ഉത്തരവാകുകയും ആയത് നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ബി) വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും സേവനങ്ങൾ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനും വേണ്ടിയാണ് പദ്ധതിവഴി ലക്ഷ്യമിട്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly